ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പോലീസ് കസ്റ്റഡിയിൽനിന്നും വിട്ടയച്ചതിനുശേഷം ഒരാൾ ആത്മഹത്യ ചെയ്ത സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സുജിത് എന്നയാളിനെ കസ്റ്റഡിയിൽ എടുക്കുകയും ഉടൻന്ന് വിട്ടയക്കുകയും അതിനുശേഷം ടിയാൻ ആത്മഹത്യ ചെയ്തതായി കണ്ടെത്തിയിട്ടുള്ളതുമാണ്.

(സി) ഇതു സംബന്ധിച്ച് ടിയാന്റെ മാതാപിതാക്കളുടെ പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് കന്റോൺമെന്റ് പോലീസ് ക്രൈം നമ്പർ 699/2015 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

ഗുണ്ടാ-മാഫിയാ ആക്രമണങ്ങൾ

203 (207) ശ്രീ. ബി. ഡി. ദേവസ്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഗുണ്ടാ-മാഫിയാ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ ഗുണ്ടാ-മാഫിയാ ആക്രമണങ്ങൾക്ക് ഇരയായവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഗുണ്ടാ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 60 കേസുകളും, ഗുണ്ടാ-മാഫിയാ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 2 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഗുണ്ട ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 247 പേരെയും, ഗുണ്ടാ-മാഫിയാ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 8 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ഗുണ്ടാ ആക്രമണങ്ങളിൽ 84 പേരും, ഗുണ്ടാ-മാഫിയ ആക്രമണങ്ങളിൽ 2 പേരും ഇരയായിട്ടുണ്ട്.

അഭിലാഷ് വധം

204 (208) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് ഹോസ്ദുർഗ്ഗ് മീനാപ്പീസ് കടപ്പുറത്തെ അഭിലാഷിന്റെ വധം സംബന്ധിച്ച ക്രൈംബ്രാഞ്ച് അന്വേഷണം എത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്വേഷണം പൂർത്തീകരിച്ച് കുറ്റപത്രം എന്ന് സമർപ്പിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) അഭിലാഷിന്റെ കുടുംബത്തെ സാമ്പത്തികമായി സഹായിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കാഞ്ഞങ്ങാട് ഹോസ്ദുർഗ്ഗ് മീനാപ്പീസ് കടപ്പുറത്തെ അഭിലാഷിന്റെ വധവുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് Crime No.210/CR/HHW-III/ KKD/ 2014 നമ്പർ കേസിന്റെ അന്വേഷണം അന്തിമഘട്ടത്തിലാണ്.

(ബി) അന്വേഷണം പൂർത്തീകരിച്ച് താമസംവിനാ കുറ്റപത്രം സമർപ്പിക്കുന്നതാണ്.

(സി) ഇത് സംബന്ധിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

ആലപ്പുഴ സായി കേന്ദ്രത്തിലെ ആത്മഹത്യ

205 (209) ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ആലപ്പുഴ സായി കേന്ദ്രത്തിൽ ഉണ്ടായ ആത്മഹത്യയെക്കുറിച്ചും ആത്മഹത്യാശ്രമത്തെക്കുറിച്ചും ആഭ്യന്തരവകുപ്പ് അന്വേഷിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ;

(സി) ഒറ്റപ്പെട്ട സ്ഥലത്ത് സ്ഥിതിചെയ്യുന്ന സായി ഹോസ്റ്റലിന്റെ സുരക്ഷയ്ക്ക് ആഭ്യന്തര വകുപ്പ് എന്തു നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അന്വേഷണം നടന്നുവരുന്നുണ്ട്. ആലപ്പുഴ സായി കേന്ദ്രത്തിൽവച്ച് ദേശീയ കായികതാരങ്ങളായ അപർണ്ണാരാമചന്ദ്രൻ, സബിത, ശില്പ, ടീസ എന്നിവർ 6-5-2015 വൈകിട്ട് മൂന്ന് മണിയോടുകൂടി വിഷംകഴിച്ച നിലയിൽ കാണപ്പെടുകയും, ഇതിനെത്തുടർന്ന് അപർണ്ണ എന്ന പെൺകുട്ടി മരണപ്പെടുകയും ആയതിന് ആലപ്പുഴ നോർത്ത് പി.എസ്.ക്രൈം. 554/15 u/s 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ടി കേസിന്റെ ഇപ്പോഴത്തെ അന്വേഷണം ആലപ്പുഴ ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. നടത്തിവരുന്നുമാണ്.

LIBRARY ARCHIVES Kerala Legislative Assembly